KERALA VETERINARY & ANIMAL SCIENCES UNIVERSITY
THIRUVAZHAMKUNNU
DATE.....................
LIVESTOCK RESEARCH STATION

കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി
കന്നുകാലി ഗവേഷണകേന്ദ്രം, തിരുവാഴാംകുന്ന്
തിരുവാഴാംകുന്ന് (പി.ഒ), പാലക്കാട് – 678 601 കേരള
Email: lrst@kvasu.ac.in, ഫോൺ : 04924 296562

**നമ്പർ: എൽ 5-174/2026** **തീയതി: 02/02/2026**

## ചരക്ക് വാഹനങ്ങൾക്കുള്ള ക്വട്ടേഷൻ നോട്ടീസ്

ഈ കേന്ദ്രത്തിൽ നിന്നും പച്ചപുല്ല്, വൈക്കോൽ, ചാണകം/ചാണകപ്പൊടി തുടങ്ങിയ കാർഷിക ഉൽപന്നങ്ങൾ കൊണ്ടുപോകുന്നതിനും രാസവളങ്ങൾ, തീറ്റ മുതലായ ചരക്കുകൾ ഫാമിലേക്ക് തിരിച്ച് കൊണ്ടുവരുന്നതിനും കരാർ അടിസ്ഥാനത്തിൽ അനുഭവസമ്പത്തുള്ള അംഗീകൃത ട്രാൻസ്പോർട്ട് വാഹന ഏജൻസികളിൽ / വാഹന ഉടമകളിൽ നിന്നും സീൽ ചെയ്ത ക്വട്ടേഷനുകൾ താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി ക്ഷണിച്ചുകൊള്ളുന്നു. എൽ.ആർ.എസ് ഫാമിൽ നിന്ന് കേരളത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് അങ്ങോട്ടുമിങ്ങോട്ടും സാധനങ്ങൾ വിതരണം ചെയ്യും നൽകേണ്ടതാണ്.

സീൽ ചെയ്ത കവറിൽ **"തിരുവാഴാംകുന്ന് കന്നുകാലി ഗവേഷണ കേന്ദ്രത്തിലെ വിവിധ ആവശ്യങ്ങൾക്കായുള്ള ചരക്കുവാഹനത്തിന്റെ ക്വട്ടേഷൻ"** എന്ന് എഴുതണം. ഇതോടൊപ്പം നൽകിയ **അനുബന്ധം I** പ്രകാരം ചരക്കുവാഹനം ഒരു കിലോമീറ്റർ സഞ്ചരിക്കുന്നതിനുള്ള നിരക്കുകൾ രേഖപ്പെടുത്തി ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടതാണ്. **അനുബന്ധം I www.kvasu.ac.in എന്ന website അല്ലെങ്കിൽ ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.** വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

കരാർ കാലാവധി : **ക്വട്ടേഷൻ ഉറപ്പിക്കുന്ന തിയ്യതി മുതൽ ഒരു വർഷത്തേക്ക്**

ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തിയ്യതി & സമയം : **23/02/2026, രാവിലെ 11.00**

ക്വട്ടേഷനുകൾ തുറക്കുന്ന തിയ്യതി & സമയം : **23/02/2026, രാവിലെ 11.30**

### ക്വട്ടേഷനോടൊപ്പം സമർപ്പികേണ്ട രേഖകൾ

1. സ്ഥാപനം / കമ്പനി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, തീറ്റ, ഫാം ഉത്പന്നങ്ങൾ എന്നിവ ട്രാൻസ്പോർട്ട് ചെയ്യാൻ അംഗീകാരമുള്ള വണ്ടിയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.
2. സർവ്വീസ് ടാക്സ് നമ്പർ (പകർപ്പ്)
3. പാൻ കാർഡിന്റെ പകർപ്പ്
4. ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്

### വ്യവസ്ഥകളും നിബന്ധനകളും :-

1. ചരക്കുവാഹനം ഇരുവശങ്ങളിലേക്കും ലോഡോടുകൂടിയും ഒരുവശം മാത്രം ലോഡോടുകൂടിയും ഒരു കിലോമീറ്റർ സഞ്ചരിക്കുന്നതിനുള്ള നിരക്ക് പ്രത്യേകം പ്രത്യേകം വ്യക്തമായി രേഖപ്പെടുത്തണം.
2. ക്വട്ടേഷനിൽ കാണിച്ചിരിക്കുന്ന നിരക്കുകൾ എല്ലാവിധ നികുതികളും മറ്റു ചാർജുകളും ഉൾപ്പെട്ടതായിരിക്കണം. കരാർ കാലാവധി തീരുന്നത് വരെ മേൽ നിരക്കുകൾക്ക് മാറ്റം അനുവദിക്കുന്നതല്ല.
3. വാഹനത്തിനു ഇൻഷൂറൻസ് ഉൾപ്പെടെ ഗവൺമെന്റ് നിർദ്ദിഷ്ട എല്ലാവിധ ഔദ്യോഗിക രേഖകളും ഉണ്ടായിരിക്കേണ്ടതാണ്. വാഹന ഡ്രൈവർക്കും ആവശ്യമായ രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.
4. ക്വട്ടേഷൻ സ്ഥിരീകരിച്ച വ്യക്തി സാധനം വിതരണം ചെയ്തു കഴിഞ്ഞാൽ ഇടപാടുകാരിൽ നിന്നും രസീത് വാങ്ങേണ്ടതാണ്. തൃപ്തികരമായി സാധനങ്ങൾ വിതരണം ചെയ്ത് രസീത് ഹാജരാക്കിയാൽ മാത്രമേ ബിൽ തുക കൈമാറുകയുള്ളൂ.

5. ബിൽ തുക സാധനത്തിന്റെ ഭാരവും ദൂരവും തീർച്ചപ്പെടുത്തിയ ശേഷം മാത്രമേ അനുവദിക്കുകയുള്ളൂ. ബില്ലുകൾ വ്യക്തമായി ക്രമമായി GTR നമ്പർ ചെയ്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്.
6. ക്വട്ടേഷൻ സ്ഥിരീകരിച്ച വ്യക്തി ഏത് ദിവസവും വാഹനവുമായി സജ്ജമായിരിക്കണം. ഫോൺ വഴിയോ രേഖാമൂലമോ അറിയിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അടുത്ത് വാഹനവുമായി എത്തിച്ചേരേണ്ടതാണ്. അല്ലാത്തപക്ഷം ഉണ്ടാകുന്ന ചെലവുകൾ / നഷ്ടങ്ങൾ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.
7. രാത്രികാല നിർത്തലിന് ചരക്കു ഗതാഗത വാഹനം കൂലി ഇനത്തിൽ അധികം തുക നൽകുന്നതല്ല.
8. വാഹനത്തിന് അനുവദിച്ച പരിധിക്ക് പുറമേ ഭാരം കയറ്ററുത്. അമിതഭാര ബാധ്യത വന്നാൽ സ്ഥാപനം ഉത്തരവാദിയല്ല.
9. ക്വട്ടേഷൻ സ്ഥിരീകരിച്ച വ്യക്തി 200/- രൂപയുടെ സ്വന്തം പേരിൽ വാങ്ങിയ മുദ്ര പത്രത്തിൽ ഗവേഷണ കേന്ദ്രം മേധാവിയുമായി ഒരു നഷ്ടോത്തരവാദിത്ത കരാറിൽ ഏർപ്പെടേണ്ടതാണ്. അതിനു ശേഷം മാത്രമേ കരാർ ആരംഭിക്കുകയുള്ളൂ.
10. വാഹനം കൃത്യമായി ലഭിക്കാതിരിക്കുകയോ നിരുത്തരവാദിത്വപരമായി പെരുമാറുകയോ ചെയ്യുന്ന കരാറുകാരന്റെ കോൺട്രാക്ട് ഒരറിയിപ്പ് കൂടാതെത്തന്നെ നിർത്തലാക്കുന്നതിന് സ്റ്റേഷൻമേധാവിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
11. കരാർ ഉറപ്പിച്ച വ്യക്തി നൽകുന്ന വാഹനങ്ങൾക്ക് ഏതെങ്കിലും വിധത്തിലുള്ള അപകടങ്ങൾ, തകരാർ എന്നിവ സംഭവിക്കുകയോ റിപ്പയർ ചെയ്യുകയോ വേണ്ടിവരുന്നപക്ഷം സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും ചെയ്യേണ്ടതും പകരം മറ്റൊരു വാഹനം ഉടൻ തന്നെ സജ്ജമാക്കി നൽകേണ്ടതുമാണ്.
12. നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്നതും വ്യക്തമല്ലാത്തതുമായ ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്.
13. ഏതെങ്കിലും കാരണവശാൽ ക്വട്ടേഷൻ തുറക്കുന്ന ദിവസം അവധിദിനമായി വന്നാൽ തൊട്ടടുത്ത പ്രവൃത്തിദിവസം ക്വട്ടേഷൻ തുറക്കുന്നതായിരിക്കും.
14. സർക്കാർ ക്വട്ടേഷന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.
15. യാതൊരു കാരണവും കാണിക്കാതെ തന്നെ ക്വട്ടേഷൻ മാറ്റി വയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. ക്വട്ടേഷൻ സംബന്ധിച്ച് സ്ഥാപന മേധാവിയുടെ ഏത് തിരുമാനവും അന്തിമമായിരിക്കും.
16. യാതൊരു കാരണവും കാണിക്കാതെ തന്നെ 24 മണിക്കൂർ നോട്ടീസിൽ കരാർ റദ്ദാക്കാൻ സ്ഥാപന മേധാവിക്ക് അധികാരമുണ്ട്.

ഒപ്പ്/-
പ്രൊഫസർ & ഹെഡ്

പകർപ്പ് :

വെബ്സൈറ്റ്
നോട്ടീസ് ബോർഡ് - ഓഫീസ് / ഗേറ്റ് / ഡയറി / ലോക്കൽ സർക്കുലേഷൻ
ഗ്രാമപഞ്ചായത്ത് ഓഫീസ് – കോട്ടോപ്പാടം / മണ്ണാർക്കാട് / അലനല്ലൂർ
വില്ലേജ് ഓഫീസ് – കോട്ടോപ്പാടം / കച്ചേരിപ്പറമ്പ് / അലനല്ലൂർ
മൃഗാശുപത്രി – മണ്ണാർക്കാട് / അലനല്ലൂർ
കൃഷിഭവൻ - കോട്ടോപ്പാടം / മണ്ണാർക്കാട്
അസിസ്റ്റന്റ് പ്രൊഫസർമാർ /എസ്.എഫ്.എസ് /ഫാം സൂപ്പർവൈസർ Gr I

//ഉത്തരവിൻ പ്രകാരം//

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്